# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**MJSSA HEAD QUARTERS & CAMPSITE,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150 (Whatsapp)**
**General Secretary : 9446138868**


**Circular No.: M/C/07/ 2024**

**15-07-2024**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവീകപരിലാളനയാൽ എം.ജെ.എസ്.എസ്.എ. എന്ന മഹത്പ്രസ്ഥാനത്തെ കഴിഞ്ഞ 49 വർഷം കാത്ത് പരിപാലിച്ച ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കാം. കർത്താവിന്റെ മണവാട്ടി സഭയെ ഒരുക്കുന്ന ശുശ്രൂഷയിൽ ചെറുതായെങ്കിലും പ്രവർത്തിക്കുവാൻ ഇടയായതിൽ സന്തോഷിക്കാം. കാറ്റുംകോളും നിറഞ്ഞ് സഭാ അന്തരീക്ഷത്തിൽ പ്രസ്ഥാനത്തെ നയിച്ച അഭിവന്ദ്യരായ പിതാക്കന്മാർ ബഹുമാനപ്പെട്ട വൈദീകർ ശ്രേഷ്ഠരായ ഗുരുഭൂതന്മാർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ദൈവീകസന്നിധിയിലേയ്ക്ക് മാറ്റപ്പെട്ട എല്ലാവർക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു. ജീവിച്ചിരിക്കുന്ന എല്ലാവരേയും പ്രാർത്ഥനയോടെ ഓർക്കുന്നു. ദീർഘായുസ്സിനായി പ്രാർത്ഥിക്കുന്നു.

എം.ജെ.എസ്.എസ്.എ.യുടെ 49-ാമത് പൊതുയോഗം 2024 ജൂൺ 8 ശനിയാഴ്ച 9.30ന് രജിസ്ട്രേഷൻ ആരംഭിച്ച് 10 മണിക്ക് അഭി.ഡോ.അന്തീമോസ് മാത്യൂസ് മെത്രാപ്പോലീത്ത തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ പ്രാർത്ഥിച്ച് യോഗം ആരംഭിച്ചു. വൈസ്പ്രസിഡന്റ് റവ.ഫാ.ജെയിംസ് കുര്യൻ പതാക ഉയർത്തി. ജനറൽ സെക്രട്ടറി പി.വി.ഏലിയാസ് ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി പൊതുയോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. സെക്രട്ടറിമാരായ എൻ.എ.ജോസ്. ഭക്തിപ്രമേയവും, പി.വി.പൗലോസ് അനുശോചനപ്രമേയവും അവതരിപ്പിച്ചു. അദ്ധ്യക്ഷൻ അഭിവന്ദ്യ പ്രസിഡന്റ് മെത്രാപ്പോലീത്ത അദ്ധ്യക്ഷപ്രസംഗം നടത്തി യോഗം ഉത്ഘാടനം ചെയ്ത് അനുഗ്രഹിച്ചു.

50 വർഷം അദ്ധ്യാപകവൃത്തി പൂർത്തിയാക്കിയ 26 ഗുരുശ്രേഷ്ഠരെ മെമന്റോ നല്കി പൊന്നാട അണിയിച്ച് പ്രസിഡന്റ് തിരുമേനി ആദരിച്ചു.

2023 ജെ.എസ്.എസ്.എൽ.സി. പരീക്ഷയിൽ 1,2 സ്ഥാനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡലും മെമന്റോയും ക്യാഷ് അവാർഡും വി.ഗ്രന്ഥവും നൽകിയതോടൊപ്പം 3 മുതൽ 10 വരെ റാങ്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മെമന്റോയും ക്യാഷ് അവാർഡും വി.ഗ്രന്ഥവും നൽകുകയുണ്ടായി. അഖില മലങ്കര തലത്തിൽ ക്ലാസ്സ് 5 മുതൽ 9 വരെയും പ്ലസ് വണ്ണിലും 1,2,3 സ്ഥാനാർഹരായവർക്ക് അഭി.തിരുമേനി സമ്മാനങ്ങൾ വിതരണം ചെയ്തു. പ്ലസ് ടു വിദ്യാർത്ഥികൾക്ക് മെമന്റോയും ക്യാഷ് അവാർഡും വി.ഗ്രന്ഥവും നൽകുകയുണ്ടായി.

2023 വർഷത്തെ മികച്ച സൺഡേസ്കൂളായി തെരഞ്ഞെടുത്ത സെന്റ് മേരീസ് സൗത്ത് മാറാടി, മികച്ച രണ്ടാമത്തെ സൺഡേസ്കൂൾ ആയി തിരഞ്ഞെടുത്ത സെന്റ് മേരീസ് പൂതാടി എന്നീ സൺഡേസ്കൂളുകൾക്ക് പാത്രിയർക്കാ സെന്ററിലെ എം.ഡി.ബുക്ക്സ്റ്റാൾ ഏർപ്പെടുത്തിയിരിക്കുന്ന ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പേരിലുള്ള ലൈബ്രറി പുസ്തകങ്ങൾക്കായി യഥാക്രമം 15,000, 10,000 രൂപയുടെ പുസ്തകങ്ങളും ട്രോഫികളും നൽകി ആദരിച്ചു. 2022 ലെ ബെസ്റ്റ് സൺഡേസ്കൂൾ ആയ സെന്റ് ജോർജ് മാനന്തവാടിക്ക് മെമന്റോ നല്കി അനുമോദിച്ചു.

100 വർഷം പ്രവർത്തനം പൂർത്തീകരിച്ച സെന്റ് ജോർജ് കായനാട്, സെന്റ് ജേക്കബ് അല്ലപ്ര എന്നീ സൺഡേസ്കൂളുകൾക്ക് മെമന്റോ നൽകി അനുമോദിച്ചു.

2023 ൽ ഏറ്റവും കൂടുതൽ പെന്തിക്കോസ്തികാണിക്ക സമാഹരിച്ചു നൽകിയ കോട്ടയം ഭദ്രാസനത്തിലെ മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ, ഏറ്റവും കൂടുതൽ ഡേ ഓഫ് ഗിവിംഗ് തുക സമാഹരിച്ചു നൽകിയ കേരളത്തിലെ ജെ.എസ്.വി.ബി.എസ്. സെന്ററായ പെരുമ്പാവൂർ മേഖല കുറുപ്പംപടി സെന്റർ എന്നിവിടങ്ങളിലെ മെമന്റോകൾ ഭാരവാഹികൾ വന്ന് സ്വീകരിച്ചു.

ആത്മദീപം മാസികയിൽ 2023 വർഷത്തെ ഏറ്റവും നല്ല ലേഖകനായ അഭി. സ്തേഫാനോസ് മോർ ഗീവർഗീസ് മെത്രാപ്പോലീത്തായ്ക്കുള്ള മെമന്റോ മലബാർ ഭദ്രാസന ഡയറക്ടർ ഏറ്റുവാങ്ങി. ആത്മദീപം ബെസ്റ്റ് ഓർഗനൈസർ ആയി തെരഞ്ഞെടുത്ത അനീഷ് എൽദോ, ചീയമ്പം മോർ ബസ്സേലിയോസ് സൺഡേസ്കൂൾ അദ്ധ്യാപകനേയും മെമന്റോ നൽകി അനുമോദിച്ചു.

2023 ആത്മദീപം ചിത്രരചനാ മത്സരത്തിൽ 1,2,3 സ്ഥാനങ്ങളും 5 പ്രോത്സാഹന സമ്മാനങ്ങളും സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗത്തിന് മെമന്റോകൾ വിതരണം ചെയ്തു. പുത്തൻകുരിശ് കൺവെൻഷനോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകുകയുണ്ടായി.

തുടർന്ന് യോഗനടപടികൾ അജണ്ട പ്രകാരം ആരംഭിച്ചു. ജനറൽസെക്രട്ടറി നോട്ടീസ് വായിച്ച് റിക്കാഡ് ചെയ്തു. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വാർഷിക കണക്കുകൾ, അഡീഷണൽ ബഡ്ജറ്റ്, അഡിറ്റ് റിപ്പോർട്ടുകൾ, അവയ്ക്കുള്ള മറുപടി, ചോദ്യങ്ങൾ പ്രമേയങ്ങൾ എന്നിവക്കുള്ള മറുപടികളും യോഗം ഐക്യകണ്ഠേന അംഗീകരിച്ചു. ട്രഷറാർ എൽദോ ഐസക് അവതരിപ്പിച്ച 2024-25 വർഷത്തെ ബഡ്ജറ്റിൽ ചാരിറ്റി ഫണ്ട് ചെലവ് 16 ലക്ഷത്തിൽ

നിന്നും 25 ലക്ഷമായി വർദ്ധിപ്പിക്കുവാനും വരവിനത്തിൽ ഡോണേഷൻ ഹാൾ 11 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി ഉയർത്തിയും, 1,30,49,500 രൂപ വരവും, 1,28,82,400 രൂപ ചെലവും 1,67,100 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന 2024-25 ലെ ബഡ്ജറ്റും യോഗം ഐക്യകണ്ഠേന അംഗീകരിച്ചു. യോഗത്തിൽ 262 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ചാരിറ്റി അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ വകമാറ്റി ചെലവഴിക്കാതെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് മാത്രം ചെലവഴിക്കുവാൻ നിശ്ചയിച്ചു.
2. 2024 നവംബർ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വിലയിൽ 10% കമ്മീഷൻ പുനഃരാരംഭിക്കുവാൻ തീരുമാനിച്ചു.
3. 2024 ജൂലൈ മാസം മുതൽ 500 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് പെൻഷൻ നൽകുവാൻ നിശ്ചയിച്ചു.
4. കുഴൽകിണർ നിർമ്മിച്ചത് കൂടാതെ ആയതിന്റെ പ്ലംബിംഗ് വർക്കുകൾ, മഴ വെള്ള സംഭരണി എന്നിവയുടെ പണികൾ പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
5. വാർഷിക പരീക്ഷ 5 മുതൽ 9 വരെയും, പ്ലസ്സ് വൺ ക്ലാസ്സുകളിലെയും 1,2,3 സ്ഥാനങ്ങൾ ലഭിച്ചവരുടേയും 95 മാർക്കിൽ കൂടുതലുള്ള കുട്ടികളുടെയും ഉത്തരകടലാസുകൾ മുകൾ ഘടകങ്ങളിൽ നൽകേണ്ടതാണ്.
6. പ്രസ്തുത ക്ലാസ്സുകളിലെ 4 മുതൽ 10 വരെയുള്ള റാങ്കുകൾ എം.ജെ.എസ്.എസ്.എ. പ്രസിദ്ധീകരിക്കേണ്ടതും, നിലവിലുള്ളത് പോലെ 1,2,3 സ്ഥാനങ്ങൾക്ക് സമ്മാനങ്ങൾ നൽകിയാൽ മതിയാകുന്നതുമാണ്.
7. 50 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ, ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതുവാൻ താത്പര്യമുള്ളവർക്ക് ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തി.
8. എം.ജെ.എസ്.എസ്.എ.യുടെ പേരും, എംബ്ലവും ഉപയോഗിച്ച് വാട്ട്സാപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂടൂബ് എന്നിവ ദുരുപയോഗം ചെയ്യുവാൻ പാടില്ല എന്ന് തീരുമാനിച്ചു.
9. ആത്മദീപം ചീഫ്എഡിറ്ററായി റവ.ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ നെ co-opt ചെയ്യുവാൻ കേന്ദ്രകമ്മിറ്റി നിർദ്ദേശിച്ചത് പൊതുയോഗം അംഗീകരിച്ചു.
10. കലോത്സവം - ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ അതാതു തലങ്ങളിലെ മത്സരങ്ങൾ നടത്തേണ്ടതാകുന്നു. ആയതിനുള്ള നിർദ്ദേശങ്ങൾ സെക്രട്ടറി ടി.വി. സജീഷ് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.
11. വെബ്സൈറ്റ് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സ്വീകരിക്കുവാൻ ജനറൽസെക്രട്ടറിയെ ചുമതലപ്പെടുത്തി.
12. പൊതുയോഗത്തിൽ സമർപ്പിച്ച ഭരണഘടനാ ഭേദഗതി ഡിസ്ട്രിക്റ്റ് രജിസ്ട്രാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയശേഷം പൊതുയോഗം വിളിച്ചുചേർത്ത് അംഗീകാരം വാങ്ങേണ്ടതാണ്
13. അടുത്ത ഒരു വർഷത്തേക്ക് ഓഡിറ്റർമാരായി സാബു വർഗീസ്, പള്ളിക്കര, ജോസഫ് രഞ്ചിത്ത് ജി.ചേലാട്, ഷാജൻ കുര്യാക്കോസ്, വടവാതൂർ തിരഞ്ഞെടുത്തു.

ഉപസംഹാരത്തിനുശേഷം വൈസ്പ്രസിഡന്റ് റവ.ഫാ. ജെയിംസ് കുര്യൻ യോഗത്തിന് നന്ദി രേഖപ്പെടുത്തി. തുടർന്ന് 4 മണിക്ക് ആശിർവാദത്തോടെ യോഗം അവസാനിച്ചു.

**സെൻട്രൽ കമ്മിറ്റി തീരുമാനം**

1. 2024 വാർഷിക പരീക്ഷയിൽ സുറിയാനി പദം ചോദ്യപ്പേപ്പറിൽ അടിച്ചു വരുന്നതും ആയതിന്റെ മലയാളം പദം എഴുതേണ്ടതുമാണ്.
2. എം.ജെ.എസ്.എസ്.എ. അദ്ധ്യാപകദിനാഘോഷം 2024 നവംബർ 9 ന് നടത്തുന്നതാണ്.

എന്നു കർത്തൃശുശ്രൂഷയിൽ എളിയ സഹപ്രവർത്തകൻ

**ജനറൽ സെക്രട്ടറി**
**പി. വി. ഏലിയാസ്**